## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5436**.

**27-03-2018 ൽ മറുപടിയ്ക്ക്**

## 2017-2018 ലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ.ബി.ഗണേഷ് കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-2018-ൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; ഇതുവരെ എത്ര ഗഡുക്കളായി എത്ര തുക ലഭിച്ചിട്ടുണ്ട്; | (എ) | 2017-2018-ൽ അംഗീകാരം ലഭിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും ലഭിച്ച തുകയുടേയും വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | പദ്ധതി തുക വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ബാക്കി ഗഡുക്കൾ ലഭിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | പദ്ധതി തുക വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ബാക്കി ഗഡുക്കൾ ലഭിക്കാതിരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**സോയിൽ ഹെൽത്ത് കാർഡ് പദ്ധതി**<br>പ്രസ്തുത പദ്ധതിയുടെ 2014-2015 വർഷത്തെ നീക്കിയിരിപ്പ് തുകയായ 49.79 ലക്ഷം രൂപ 2016-2017 വർഷത്തെ ബാധ്യത തീർപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ 2017-2018-ൽ റീവാലിഡേറ്റ് ചെയ്യുതന്നിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**സോയിൽ ഹെൽത്ത് മാനേജ്മെന്റ്**<br>പ്രസ്തുത പദ്ധതി പ്രകാരം 2014-2015-ൽ100.8 ലക്ഷം രൂപ 2 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകൾ സ്ഥാപിക്കുന്നതിന്റെ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ തുടർച്ചയായി വിപണി വിപുലീകരണത്തിനും മറ്റുമായി കേന്ദ്ര സർക്കാർ ആരംഭിച്ച റഫ്താർ (Remunerative Approaches For Agriculture and Allied Sector Rejuvenation) പദ്ധതിയെ കുറിച്ചുള്ള വിവരങ്ങൾ നൽകുമോ; ഇതിനായി എത്ര തുകയാണ് കേന്ദ്രം നീക്കി വച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | പതിനാലാം ധനകാര്യ കമ്മീഷന്റെ ശേഷിക്കുന്ന കാലയളവിൽ RKVY പദ്ധതി കാര്യക്ഷമമാക്കുവാനും ഫലപ്രാപ്തി ഉണ്ടാക്കുവാനും പൂർണ്ണമായി ഉൾക്കൊള്ളുവാനും ടി പദ്ധതി RKVY-RAFTAAR എന്ന് കേന്ദ്രസർക്കാർ പുന: നാമകരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കാലയളവ് 2017-2018 മുതൽ 2019-2020 വരെ മൂന്ന് വർഷത്തേയ്ക്കാണ്.<br>പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |
| (ഡി) | കേന്ദ്രം 2018-2019 ബഡ്ജറ്റിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഗ്രീൻ റെവല്യൂഷൻ ഹെഡ്ഡിൽ പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) | ബ്രിംഗിംഗ് ഗ്രീൻ റെവല്യൂഷൻ ഇൻ ഈസ്റ്റേൺ ഇന്ത്യ (ബി.ജി.ആർ.ഇ.എൽ) എന്ന പദ്ധതി ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി RKVY യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. ഇന്ത്യയുടെ 7 കിഴക്കൻ പ്രദേശങ്ങളായ ആസാം, ബീഹാർ, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, ഒഡീഷ, വെസ്റ്റ് ബംഗാൾ, ഉത്തർപ്രദേശിന്റെ കിഴക്ക് ഭാഗം എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിന് വേണ്ടി 2010-2011-ലെ കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപിച്ച പദ്ധതിയാണ് BGREI. നെല്ല് അധിഷ്ഠിത വിള സമ്പ്രദായത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷ മിഷൻ പദ്ധതി, വൃഷ്ടി പ്രദേശ വികസന പദ്ധതി മുതലായ പദ്ധതികളാണ് നെല്ല് അധിഷ്ഠിത വിള സമ്പ്രദായ പദ്ധതികളായി നിലവിൽ കേരളത്തിൽ നടപ്പിലാക്കുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും സാമ്പത്തിക സഹായത്തിനുമായി കേന്ദ്ര സർക്കാരിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; എത്ര രൂപയാണ് കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നത്;വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തെ ഉൾപ്പെടുത്തുന്ന മുറയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 1

| ക്രമ നമ്പർ | | പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | |
|---|---|---|---|---|
| 1. | സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ- | | | |
| | a. | ആദ്യ ഗഡു. | 489.310 | |
| | b. | രണ്ടാം ഗഡു. | 489.31 | |
| 2. | സംസ്ഥാന ഹോർട്ടികൾച്ചർ വികസന പദ്ധതി (MIDH) | | | |
| | a. | ആദ്യ ഗഡു. | 1400 | |
| | b. | രണ്ടാം ഗഡു. | 1500 | |
| 3. | രാഷ്ട്രീയ കൃഷി വികാസ് യോജന(RKVY) | | | |
| | a. | ആദ്യ ഗഡു. | 4150 | |
| | b. | രണ്ടാം ഗഡു. | 1000 | |
| 4. | ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ(NFSM) | | 13.42 | |
| | ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ(NFSM) 2014-2015, 2015-2016-ലെ തുക റീവാലിഡേറ്റ് ചെയ്തത് | | 48.04 | |
| 5. | വൃഷ്ടി പ്രദേശ വികസന പദ്ധതി (RAD) | | 78.426 | |
| 6. | കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ പദ്ധതി(ATMA) | | | |
| | a. | ആദ്യ ഗഡു. | 859.97 | |
| | b. | രണ്ടാം ഗഡു. | 289.31 | |
| 7. | കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതി(CDB) | | | |
| | a. | എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നെഴ്സറി. | 48.00 | |
| | b. | കോക്കനട്ട് പാം ഇൻഷ്വറൻസ് | 5.00 | |
| | c. | റീപ്ലാന്റിംഗ് ആന്റ് റെജുവെനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ | 1315.65 | |
| 8. | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന(PMKSY). | | 2500.00 | |

| | | | |
|---|---|---|---|
| 9. | പരമ്പരാഗത കൃഷി വികാസ് യോജന(PKVY) 119 ക്ലസ്റ്റർ | 307.244 | |
| | പരമ്പരാഗത കൃഷി വികാസ് യോജന(PKVY) 500 ക്ലസ്റ്റർ | 1070.711 | |
| 10. | സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി | 206.465 | |
| 11. | കേന്ദ്ര സഹായത്തോട് കൂടിയുള്ള വിള ഇൻഷ്വറൻസ് പദ്ധതി | 33.32 | |
| 12. | ദേശീയ ബയോഗ്യാസ് വികസന പദ്ധതി ( 2017-2018-ൽ താഴെപ്പറയുന്നതായിരുന്നു ഭൗതിക ലക്ഷ്യങ്ങൾ.<br>a. ബയോഗ്യാസ് പ്ലാന്റ് ജനറൽ = 1100 എണ്ണം.<br>b.ബയോഗ്യാസ് പ്ലാന്റ് എസ്.സി = 50 എണ്ണം<br>c. ഗുണഭോക്താക്കളുടെ ട്രെയിനിംഗ് =25 എണ്ണം<br>d. പണിക്കാർക്കുള്ള ട്രെയിനിംഗ് = 1 എണ്ണം<br>പ്രസ്തുത പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാനം പദ്ധതി നടപ്പാക്കിയ ശേഷം ചെലവായ തുക മിനിസ്ട്രി ഓഫ് നോൺ റിന്യൂവബിൾ എനർജി തിരിച്ചു നൽകുന്ന പദ്ധതിയാണിത്. | | പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ ഗഡുക്കളൊന്നും ലഭ്യമായിട്ടില്ല. |
| 13. | നാഷണൽ മിഷൻ ഫോർ സസ്റ്റേണബിൾ അഗ്രിക്കൾച്ചർ | | പ്രസ്തുത പദ്ധതിയുടെ കീഴിലുള്ള സോയിൽ ഹെൽത്ത് കാർഡ്, സോയിൽ ഹെൽത്ത് മാനേജ്മെന്റ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാണ് 2017-2018-ൽ അംഗീകാരം ലഭിച്ചിട്ടുള്ളത് .സോയിൽ ഹെൽത്ത് കാർഡ് പദ്ധതി 2017-2018-ൽ നടപ്പാക്കുന്നതിനായി 114.83 ലക്ഷം രൂപ കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടുണ്ട്. സോയിൽ ഹെൽത്ത് മാനേജ്മെന്റ് പദ്ധതിക്കായി 186.67 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 112 ലക്ഷം രൂപ കേന്ദ്ര വിഹിതവും 74.67 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. നാളിതുവരെ രണ്ട് പദ്ധതികൾക്കും കേന്ദ്രസർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 2

**RKVY-RAFTAAR പദ്ധതിയുടെ ഫണ്ട് 3 ധാരകളിലൂടെയാണ് സംസ്ഥാനങ്ങൾക്ക് ലഭ്യമാകുക.**

A). റഗുലർ RKVY-RAFTAAR – 70%

ആകെ വാർഷിക ധനവിഹിതത്തിന്റെ 70% ഫണ്ട് സംസ്ഥാനങ്ങൾക്ക് താഴെ പറയുന്ന പ്രകാരം ഉപയോഗിക്കാവുന്നതാണ്.

a). അടിസ്ഥാന സൗകര്യ വികസനത്തിനും ആസ്തി സൃഷ്ടിക്കുന്നതിനും 50% ഫണ്ട്.

b). മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന്-30% ഫണ്ട്.

c). ഫ്ലെക്സി ഫണ്ട് - ഓരോ സംസ്ഥാനങ്ങൾക്കും അനുയോജ്യമായ പ്രാദേശിക കാർഷിക അനുബന്ധ പ്രോജക്ടുകൾക്ക് - 20% ഫണ്ട്.

B). RKVY-RAFTAAR – പ്രത്യേക ഉപപദ്ധതികൾക്കുള്ള ഫണ്ട് - 20%

കേന്ദ്രസർക്കാർ മുൻഗണനാടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പ്രശ്നബാധിത മേഖലയായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളുടെ വികസനത്തിനുള്ള പ്രോജക്ടുകൾക്കുള്ള ഫണ്ട്.

C). നൂതന – കാർഷിക സംരഭങ്ങൾക്കുള്ള വികസന ഫണ്ട് - 10%

ഈ ഫണ്ട് കർഷകരുടെ നൈപുണ്യ വികസനത്തിനും കാർഷിക മേഖലകൾ സംരഭങ്ങൾ ആരംഭിക്കുന്നതിനും അവാർഡുകൾക്കും, KVK പോലുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നു. ഈ തുക ഉപയോഗിക്കാൻ കഴിയാത്ത പക്ഷം A,B ധാരകളിലേയ്ക്ക് മാറ്റപ്പെടാവുന്നതാണ്.

എല്ലാ പ്രോജക്ടുകളും SLSC യിൽ അംഗീകരിച്ച കേന്ദ്രഫണ്ടിനായി സമർപ്പിക്കേണ്ടതാണ്.

കേന്ദ്രം-2017-2018-ൽ RKVY പദ്ധതിയ്ക്കായി കേരളത്തിന് വേണ്ടി നീക്കിവെച്ചിട്ടുള്ള തുക 128.43 കോടിയാണ്. ഇത് നിലവിൽ അനുവദിക്കപ്പെട്ട പണമല്ല. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

(1).നെല്ലിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് - 4500 ലക്ഷം.

(2).ആലപ്പുഴ SSF വീയപുരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ട് - 206.06729 ലക്ഷം.

(3). കോട്ടയം ജില്ലയിലെ മധുരവേലി, തെക്കേമനക്കരി, വിരുത്തിക്കര പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം - 153.85 ലക്ഷം

(4).കോട്ടയം ജില്ലയിലെ മീനച്ചിലാർ - മീന്തലയാർ വാട്ടർഷെഡ് പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനം - 297 ലക്ഷം

(5).കോങ്ങാട് നിയോജകമണ്ഡലത്തിലെ ഉൽപ്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകളുടെ നിർമ്മാണത്തിനുമുള്ള പ്രോജക്ട് - 4530 ലക്ഷം

(6). കരവാരം കട്ടപ്പറമ്പ് ഏലായിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 95 ലക്ഷം

(7).വിജ്ഞാന വ്യാപന ഉപാധികളുടെ സഹായത്താൽ ഉൽപ്പാദന വർദ്ധനവിനുള്ള പ്രോജക്ട് - 53 ലക്ഷം

(8) തുളുനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കാസർഗോഡ് സമർപ്പിച്ച സംയോജിത നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് -49 ലക്ഷം

(9) വാഴകൃഷി വികസനം - 262.5 ലക്ഷം

(10) പത്തനംതിട്ട, നെല്ലിക്കൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ട് - 55.597 ലക്ഷം

(11) പെരിങ്ങമ്മല ജില്ലാ കൃഷിതോട്ടത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ട് - 295.24039 ലക്ഷം

(12) പെരിങ്ങമ്മല ബനാന നഴ്സറിയിലെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രോജക്ട് - 489.71559 ലക്ഷം

(13) കണ്ണൂർ തേജസ്വിനി നാളികേര പ്രൊഡ്യൂസർ കമ്പനി സമർപ്പിച്ച സംയോജിത കാർഷിക സംസ്കരണ യൂണിറ്റ് - 2980 ലക്ഷം

(14) കോട്ടയം ജില്ലയിലെ വെച്ചൂർ പാടശേഖരത്തിലെ ഇട്ടിയകണ്ടക്കരി, വലിയപുത്തുകരി, മണ്ടക്കരി, ചെറുവല്ലിക്കരി, വലിയവെളിച്ചം - പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ട് - 432.92 ലക്ഷം

(15) അഞ്ചുനാട് കരിമ്പ് കൃഷി വികസന പദ്ധതി - 153.85 ലക്ഷം

(16) കാസർഗോഡ് ജില്ലയിലെ അധുർ, ഗോളിമുഖപ്രദേശത്തെ കശുമാവ് പ്രോജനി തോട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രോജക്ട് - 60.06 ലക്ഷം

(17) കൊല്ലം ജില്ലയിലെ ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂർ എസ്റ്റേറ്റിലെ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് വിപുലീകരണത്തിനുള്ള പ്രോജക്ട് - 11.875 ലക്ഷം.

സെക്ഷൻ ഓഫീസർ